REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കൊൽക്കത്ത RG കർ മെഡിക്കൽ കോളജിലെ റെസിഡന്റ് ഡോക്ടറെ കൊലപ്പെടുത്തിയ കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും.
- 2023-ലെ ദേശീയ ജിയോസയൻസ് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിക്കും.
- ഹേമാ കമ്മറ്റി റിപ്പോർട്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ രണ്ടു മാസത്തിനകം സിനിമാ കോൺക്ലേവ് നടത്തുമെന്ന് മന്ത്രി സജി ചെറിയാൻ.
- ശ്രീനാരായണ ഗുരുവിന്റെ 170-ാം ജയന്തി ഇന്ന് ആഘോഷിക്കുന്നു.
- സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

കൊൽക്കത്ത RG കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ റെസിഡന്റ് ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും. ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ J.B പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. സുപ്രീം കോടതി നേരിട്ടെടുത്ത കേസിലാണ് വാദം.

നിലവിൽ കൊൽക്കത്ത ഹൈക്കോടതിയാണ് കേസ് പരിഗണിക്കുന്നത്. CBI അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പോലീസ് അന്വേഷണത്തിൽ അതൃപ്തി പ്രകടിപ്പിച്ച്

യുവതിയുടെ മാതാപിതാക്കളും മറ്റു ചിലരും ഹർജി നൽകിയതിനെ തുടർന്നാണ് കേസ് ഹൈക്കോടതിയിലെത്തിയത്.

✪✪✪

കേസിൽ രണ്ട് ഡോക്ടർമാരെ പോലീസ് ചോദ്യം ചെയ്യാൻ വിളിപ്പിച്ചതിൽ പ്രതിഷേധിച്ച് കൊൽക്കത്തയിലെ ഡോക്ടർമാർ തെരുവിലിറങ്ങി. ഇരയുടെ പേര് പരസ്യപ്പെടുത്തിയതിനും സമൂഹമാധ്യമങ്ങളിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ചതിനുമാണ് രണ്ട് മുതിർന്ന ഡോക്ടർമാരെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചത്.

അതിനിടെ, കൊൽക്കത്തയിലെ RG- കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കാൻ പശ്ചിമ ബംഗാൾ ഗവൺമെന്റ് നാലംഗ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദേശം.

✪✪✪

2023-ലെ ദേശീയ ജിയോസയൻസ് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാഷ്ട്രപതിഭവൻ കൾച്ചറൽ സെന്ററിൽ സമ്മാനിക്കും. ഭൗമശാസ്ത്ര മേഖലയിലെ ഏറ്റവും പഴക്കമേറിയതും അഭിമാനകരവുമായ ദേശീയ അവാർഡുകളിൽ ഒന്നാണ് ജിയോസയൻസ് പുരസ്കാരം. കേന്ദ്ര മന്ത്രി G. കിഷൻ റെഡ്ഡി, സഹമന്ത്രി സതീഷ് ചന്ദ്ര ദുബെ എന്നിവരും പുരസ്കാര ദാന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

മുതിർന്ന ഉദ്യോഗസ്ഥ തലത്തിൽ നേരിട്ട് നിയമനം തുടങ്ങിവെച്ചത് കോൺഗ്രസാണെന്ന് കേന്ദ്ര സഹമന്ത്രി അർജ്ജുൻ റാം മേഘ്-വാൾ അറിയിച്ചു. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഉൾപ്പെടെ പലരും ഇത്തരത്തിൽ ഉദ്യോഗം നേടിയവരാണെന്നും അദ്ദേഹം പറഞ്ഞു. ഇതിൽ മാറ്റം വരുത്തി ഉദ്യോഗസ്ഥ നിയമനം ക്രമപ്പെടുത്തിയത് പ്രധാനമന്ത്രി നരേന്ദ്രമോദിയാണെന്നും മേഘ്-വാൾ ന്യൂഡൽഹിയിൽ വ്യക്തമാക്കി.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ഇന്ന് രാജ്യം സദ്ഭാവനദിനം ആചരിക്കുന്നു. അദ്ദേഹത്തിന്റെ 80-ാം ജന്മദിനമാണ് ഇന്ന്. 1981 മുതൽ 1991 വരെ മാത്രം നീണ്ട രാഷ്ട്രീയ ജീവിതത്തിൽ

പ്രധാനമന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ച രാജീവ് ഗാന്ധി, രാജ്യ ചരിത്രത്തിലെ സമാനതകളില്ലാത്ത രാഷ്ട്രീയ നേതാവായിരുന്നു.

തിരുവനന്തപുരം DCC അങ്കണത്തിൽ രാജീവ്ഗാന്ധി അനുസ്മരണ പരിപാടി കോൺഗ്രസ് വർക്കിംഗ് സമിതിയംഗം ഡോ. ശശി തരൂർ ഉദ്ഘാടനം ചെയ്യും.

✪✪✪

ഓണം ഖാദി മേളയും, KSFE ഗാലക്സി ചിട്ടികളുടെ ശാഖാതല ഓണക്കോടി സമ്മാന വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ചിട്ടി സമ്മാനജേതാക്കൾക്ക് ഖാദി വസ്ത്രങ്ങൾ നൽകുന്നത് മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഖാദി മേഖലയ്ക്ക് ഇത് ഉണർവ് പകരുമെന്നും പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

✪✪✪

കേരളത്തിലെ സന്നദ്ധ പ്രവർത്തകരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സന്നദ്ധസേന ആപ്ലിക്കേഷൻ സജ്ജമായി. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് മൊബൈൽ ആപ്പ് ഉദ്ഘാടനം ചെയ്തു. സന്നദ്ധപ്രവർത്തകരായി രജിസ്റ്റർ ചെയ്യുന്നതിനും, വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആപ്പ് സഹായിക്കും.

✪✪✪

ഹേമാ കമ്മറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനെപ്പറ്റി ചർച്ച നടത്താൻ രണ്ടു മാസത്തിനകം സിനിമാ കോൺക്ലേവ് നടത്തുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വം സുതാര്യമാണ്. മന്ത്രിയായി മൂന്നര വർഷത്തിനിടയ്ക്ക് സംഘടനാപരമായ പരാതികളല്ലാതെ ഒരു നടിയുടെയും പരാതി ലഭിച്ചിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

ഹേമാകമ്മറ്റി റിപ്പോർട്ട് ആരെ രക്ഷിക്കാനാണ് ഇത്രകാലം പൂഴ്ത്തി വെച്ചതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ കൊച്ചിയിൽ ആവശ്യപ്പെട്ടു. ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകളാണ് റിപ്പോർട്ടിന്റെ ഉള്ളടക്കമെന്ന് അദ്ദേഹം പറഞ്ഞു. റിപ്പോർട്ടിലെ ശുപാർശകൾ അടിയന്തരമായി

നടപ്പാക്കണമെന്നും, പരാതികൾ വനിതാ IPS ഉദ്യോഗസ്ഥരുടെ സംഘം അന്വേഷിക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

✪✪✪

ശ്രീനാരായണ ഗുരുവിന്റെ 170-ാം ജയന്തി ഇന്ന് ആഘോഷിക്കുന്നു. ജാതിമതചിന്തകൾക്കതീതമായ സമൂഹസൃഷ്ടിയ്ക്ക് വേണ്ടി നിലകൊണ്ട നവോത്ഥാന നായകനായിരുന്നു ശ്രീനാരായണഗുരു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

വിശ്വമാനവികതയിൽ അധിഷ്ഠിതമായ ദർശനങ്ങളെ മലയാളക്കരയിലെ സാധാരണ മനുഷ്യന്റെ മനസ്സിലേക്ക് പറിച്ചുനട്ട സാമൂഹികവിപ്ലവകാരിയായിരുന്നു ഗുരുദേവൻ. അദ്ദേഹത്തിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ വൈകിട്ട് ജയന്തി സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്റ്റേജ് കലാപരിപാടികൾ ഒഴിവാക്കിയാണ് ആഘോഷങ്ങൾ നടത്തുന്നത്. രാവിലെ ശ്രീനാരായണ ദാർശനിക സമ്മേളനം പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്യും.

ദിനാഘോഷത്തോടനുബന്ധിച്ച് SNDP യോഗം കോഴിക്കോട് യൂണിയന്റെ ആഭിമുഖ്യത്തിൽ രാവിലെ വെസ്റ്റ്ഹിൽ ചുങ്കം തായാട്ട് അയ്യപ്പ ക്ഷേത്ര പരിസരത്ത് നിന്നും ആരംഭിക്കുന്ന ഘോഷ യാത്ര ഗുരുവരാശ്രമത്തിൽ എത്തിച്ചേരും. മുൻ MP, K മുരളീധരൻ പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങളുമായി ഓൺലൈനിൽ ആശയവിനിമയം നടത്തി. ഈ മാസം 28 നാണ് പാരാലിമ്പിക്സ് ആരംഭിക്കുന്നത്. ഇന്ത്യയുടെ പതാകാ വാഹകരായാണ് താരങ്ങൾ പാരീസിലേക്ക് പോകുന്നതെന്ന് പ്രധാനമന്ത്രി വിഡിയോ കോൺഫറൻസിംഗിൽ പറഞ്ഞു.

✪✪✪

അഹമ്മാദാബാദ് ദേശീയ ഗെയിംസിൽ വനിതാ അമ്പെയ്ത്ത് മത്സരത്തിലെ സ്വർണമെഡൽ ജേതാവായ ആർച്ച രാജന് തുടർമത്സരങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹനമായി ആറ് ലക്ഷത്തി 70,276 രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചു. മത്സരങ്ങളിൽ

കൂടുതൽ മികവ് പുലർത്താൻ സാധിക്കുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തുക അനുവദിച്ചത്.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തൃശ്ശൂർ,കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത കണക്കിലെടുത്ത് മറ്റന്നാൾ വരെ കേരള, കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

പാലക്കാട് കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടർ അല്പസമയത്തിനകം 25 സെന്റീമീറ്റർ കൂടി ഉയർത്തുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

പാലക്കാട് ജില്ലാതല തദ്ദേശ അദാലത്തിൽ ലഭിച്ച 986 പരാതികളിൽ 876 എണ്ണം പരിഹരിച്ചതായി മന്ത്രി M.B രാജേഷ് അറിയിച്ചു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരാതികൾ കുറഞ്ഞത് തദ്ദേശസ്ഥാപനങ്ങളുടെ ജാഗ്രതയാണ് സൂചിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പാലക്കാട് നഗരസഭയിൽ നിന്നും വിരമിച്ച ശുചീകരണ തൊഴിലാളികൾക്ക് ആറുമാസത്തെ D.A കുടിശിക 15 ദിവസത്തിനകം കൊടുത്തുതീർക്കാൻ മന്ത്രി നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകി.

✪✪✪

കോഴിക്കോട് ചാലിയം മാതൃക മത്സ്യഗ്രാമം പദ്ധതിയ്ക്ക് ഏഴ് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. ഫിഷ് ലാൻഡിംഗ് കേന്ദ്രത്തിലെ അനുബന്ധ സ്ഥലങ്ങളുടെ വികസനം, കടലുണ്ടി കപ്പലങ്ങാടിയിൽ രണ്ടര കോടിയിലേറെ രൂപ ചെലവിൽ പരിശീലന പുനരധിവാസ കേന്ദ്രം, വനിതകൾക്ക് മത്സ്യ വില്പന കേന്ദ്രങ്ങൾ എന്നിവയടക്കം ഒൻപതു പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്.

✪✪✪

തൃശൂരിൽ നാലാം ഓണനാളിലെ പുലികളിയ്ക്ക് ഗവൺമെന്റ് അനുമതി നൽകി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷമുൾപ്പെടെ പരിപാടികൾ റദ്ദാക്കിയതോടെയാണ് പുലികളിയും വേണ്ടെന്നു വെച്ചത്. എന്നാൽ ദേശക്കാർക്ക് വൻ സാമ്പത്തികനഷ്ടം ഉണ്ടാകുമെന്ന് വിലയിരുത്തിയാണ് പുലികളിയ്ക്ക് അനുമതി നൽകിയത്.

✪✪✪

കൊച്ചി മെട്രോയുടെ കാക്കനാട് വരെ നീളുന്ന രണ്ടാംഘട്ട നിർമ്മാണത്തിലെ തടസ്സങ്ങൾ പരിഹരിക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഏഴ് വകുപ്പുകളുടെ സംയുക്ത കമ്മിറ്റി രൂപീകരിച്ചു. ഗതാഗത കുരുക്ക്, കേബിൾ നീക്കൽ, വൈദ്യുതി വിതരണ ക്രമീകരണം, റോഡിന്റെ വീതി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണാനാണ് കമ്മിറ്റി രൂപീകരിച്ചത്. മൂന്ന് ദിവസത്തിലൊരിക്കൽ യോഗം ചേർന്ന് കമ്മിറ്റി പ്രശ്നപരിഹാരം ഉണ്ടാക്കണം. ആദ്യയോഗം മറ്റന്നാൾ ചേരും.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് ഗവൺമെന്റ് അനുവദിച്ച അടിയന്തര ധനസഹായത്തിൽ നിന്ന് വായ്പാ തിരിച്ചടവ് ഈടാക്കിയ കേരള ഗ്രാമീൺ ബാങ്കിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഒരാഴ്ചക്കകം വിശദമായ റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് ബാങ്കിനോട് ആവശ്യപ്പെട്ടു. സുൽത്താൻ ബത്തേരിയിലെ അടുത്ത സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

✪✪✪

കേരളാ സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയന്റെ മൂന്ന് ദിവസത്തെ സംസ്ഥാന സമ്മേളനം ഇന്ന് കാസർകോട് ചെറുവത്തൂർ കൊടക്കാട് ബാങ്ക് ഓഡിറ്റോറിയത്തിൽ ആരംഭിക്കും.

✪✪✪

ഈ വർഷത്തെ P.V സാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആൻഡ് സോഷ്യോ കൾച്ചറൽ അവാർഡ് ഗോകുലം ഗ്രൂപ്പ് കമ്പനികളുടെ എക്സിക്യൂട്ടീവ് ചെയർമാൻ ഗോകുലം ഗോപാലന് നൽകുമെന്ന് ട്രസ്റ്റ് ചെയർമാൻ P.V. ചന്ദ്രൻ അറിയിച്ചു.

✪✪✪